ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ചെന്നീർക്കര വാട്ടർ സപ്ലൈക്കുവേണ്ടി പുതുതായി സ്ഥാപിച്ച ട്രാൻസ്ഫോർമർ കമ്മീഷൻ ചെയ്തു കഴിയുമ്പോൾ വോൾട്ടേജ് കുറവിനും പരിഹാരമാവും.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) മൂന്നു മാസത്തിനകം പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീകണ്ഠപുരം കേന്ദ്രമായി ഒരു ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ

390 [732] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴാം പദ്ധതിക്കാലത്ത് ശ്രീകണ്ഠപുരം കേന്ദ്രമായി ഒരു ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ ആരംഭിക്കാനുള്ള നിർദ്ദേശം ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ;

(ബി) മലയോര പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം മൂലം പുതിയ കണക്ഷൻ നൽകാനും വ്യാവസായിക ആവശ്യത്തിനു വൈദ്യുതി നൽകാനും ഉള്ള പ്രയാസം കണക്കിലെടുത്ത് ഈ സബ്സ്റ്റേഷന്റെ പണി ഉടനെ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 6.3 എം.വി.എ. വീതമുള്ള രണ്ടു ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു. ശ്രീകണ്ഠപുരത്ത് ഒരു സബ്സ്റ്റേഷൻ തുടങ്ങുന്നതിനു ബോർഡ് അനുമതി നൽകിക്കഴിഞ്ഞു. സ്ഥലമെടുപ്പിനുള്ള പ്രാരംഭ ജോലികളും ചെയ്യുന്നുണ്ട്. സ്ഥലമെടുത്തു കഴിഞ്ഞു ഉദ്ദേശം 18 മാസം കൊണ്ട് സബ്സ്റ്റേഷൻ പണി പൂർത്തിയാക്കണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്.

പുതിയ സബ് ട്രഷറികൾ

391 [735] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ പുതിയ സബ് ട്രഷറികൾ തുറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ;

(സി) ഒരു സബ്ട്രഷറി തുറക്കുവാൻ ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly